(ബി) എങ്കിൽ ഏറ്റവും പ്രചാരമേറിയതും അതേ സമയം അവഗണിക്കാനാവാത്ത മൂല്യവ്യത്യാസമുള്ളതുമായ ഈ രണ്ട് കറൻസികൾക്ക് പ്രകടമായ വ്യത്യസ്തത രൂപത്തിലും വർണ്ണത്തിലും അനിവാര്യമാണെന്ന വസ്തുത റിസർവ് ബാങ്കിന്റെയും കേന്ദ്ര ധനമന്ത്രാലയത്തിന്റെയും ശ്രദ്ധയിൽപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പരിശോധിക്കാവുന്നതാണ്.

21 (1470) ലോട്ടറികൾ നിരോധിക്കുന്ന നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറികൾ നിരോധിക്കാനുള്ള കേന്ദ്രസർക്കാരിന്റെ ആലോചന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കേരള ഗവൺമെന്റ് ലോട്ടറി കൊണ്ട് എത്ര കോടി രൂപയുടെ വരുമാനമുണ്ടായിട്ടുണ്ട്;

(സി) ലോട്ടറിയുമായി ബന്ധപ്പെട്ട് കേരളത്തിൽ എത്ര ഏജൻസികളുണ്ട് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ 112 കോടി രൂപ മൊത്തവരുമാനം ലഭിച്ചിട്ടുണ്ട്.

(സി) ലോട്ടറിയുമായി ബന്ധപ്പെട്ട് 31,680 പേർ ഏജന്റുമാരായി നിലവിലുണ്ട്.

22 (1471) ലോട്ടറി നിരോധനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്രസർക്കാർ ലോട്ടറി നിരോധിച്ചാൽ സർക്കാരിന്റെ റവന്യൂ വിനേയും ലോട്ടറി ഏജന്റുമാരുടെ നിലനിൽപ്പിനെയും പ്രതികൂലമായി ബാധിക്കുമെന്നിരിക്കെ ലോട്ടറി നിരോധനം പാടില്ലെന്ന സർക്കാർ നിലപാട് കേന്ദ്രഗവൺമെന്റിനെ അറിയിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ലോട്ടറി നിരോധനം പാടില്ലെന്ന് സർക്കാർ നിലപാട് കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

23 (1472) ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനരീതി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly